(സി) 653.74 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാൻ കഴിഞ്ഞു. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിൽ 30-9-2003-നകം അപേക്ഷ നൽകുന്നവർക്ക് 31-3-2004-നകവും പ്രാഥമിക വായ്പാ സഹകരണസംഘങ്ങളിൽ 31-12-2003-നകവും കുടിശ്ശിക അടച്ചുതീർത്ത് വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്.

കേരള സഹകരണ ആശുപത്രി കോംപ്ലക്സ് സംഘത്തിന്റെയും മെഡിക്കൽ സയൻസ് അക്കാഡമിയുടെയും ബാദ്ധ്യത സംബന്ധിച്ച വിശദാംശം

77 [2729] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരത്തെ കേരള സഹകരണ ആശുപത്രി കോംപ്ലക്സ് സംഘവും മെഡിക്കൽ സയൻസ് അക്കാഡമിയും സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ നിക്ഷേപമായും വായ്പയായും നിലവിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സംഘവും അക്കാഡമിയും സംസ്ഥാന സർക്കാരിന് പലിശ സഹിതം തിരിച്ചു നൽകാനുള്ള ബാധ്യത സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) അക്കാഡമിയുടെയും ആശുപത്രി സംഘത്തിന്റെയും ഭരണനിർവ്വഹണം തിരിച്ച് നൽകിയ സാഹചര്യത്തിൽ സർക്കാരിന് ലഭിക്കുവാനുള്ള തുക തിരിച്ച് ഈടാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) 84.47 കോടി രൂപ.

(ബി, സി) സംസ്ഥാന സർക്കാർ മെഡിക്കൽ കോളേജ് ഏറ്റെടുത്തപ്പോൾ ശമ്പളത്തിനും മറ്റു ചെലവുകൾക്കുമായി നൽകിയത് 61 കോടി രൂപയാണ്. പ്രസ്തുത തുക, ഭരണചുമതല സൊസൈറ്റിക്ക് തിരിച്ചേൽപ്പിക്കുന്നതിനുള്ള വ്യവസ്ഥ അനുസരിച്ച് ഓഹരി മൂലധനമായി മാറ്റിത്തരുന്നതിന് സംഘം ഭരണ സമിതി തീരുമാനപ്രകാരം സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

സഹകരണ ആശുപത്രികൾ

78 [2730] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ ആശുപത്രികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 145 സഹകരണ ആശുപത്രികൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly